## ദുൽഹജ്ജ് 10 (അറവ് ദിനം)

സൂര്യോദയത്തിന് മുമ്പായി മിനയിലേക്ക് പോകണം. ജംറതുൽ അഖബയിൽ ഏഴ് കല്ല് എറിയുക, അറവ് നടത്തുക, മുടി കളയുക, ത്വവാഫ് ചെയ്യുക, സഅ്യ് ചെയ്യുക. എന്നിവ പത്തിന് നിർവ്വഹിക്കേണ്ട കർമ്മങ്ങളാണ്. ഏഴ് കല്ലാണ് ആവശ്യമുള്ളത് അത് ടെന്റിൽ നിന്നോ മറ്റോ സാധിക്കുന്നേടത്ത് നിന്ന് എടുക്കുക. നബി (സ) വഴിയിൽ നിന്നായിരുന്നു. കല്ലെടുപ്പിച്ചത്. ജംറതുൽ അഖബയിൽ മാത്രമാണ് എറിയേണ്ടത് അല്ലാഹു അക്ബർ എന്ന് ഓരോ കല്ല് എറിയുമ്പോഴും പറയുക. ഏറ് കഴിഞ്ഞാൽ സാധാ വേഷത്തിലേക്ക് മാറാവുന്നതാണ്. പിന്നീട് തൽബിയത്തിന് പകരം തക്ബീർ ആണ് ചൊല്ലേണ്ടത്. ത്വവാഫും സഅ്യും കഴിഞ്ഞ് മിനയിലേക്ക് മടങ്ങണം മിനയിൽ രാത്രി താമസിക്കൽ നിർബന്ധമാണ്.



## ദുൽഹജ്ജ് 11,12,13 മിനയിൽ രാപ്പാർക്കൽ

ദുൽഹജ്ജ് പത്ത് അസ്തമിച്ച് 11,12,13 രാവുകളിൽ മിനയിൽ രാപ്പാർക്കൽ നിർബന്ധമാണ്. 11,12,13 തീയതികളിൽ ഉച്ചക്ക് ശേഷം മൂന്ന് ജംറകളിലും; ഓരോന്നിലും ഏഴു കല്ലുകൾ എറിയേണ്ടതാണ്. ആദ്യം ജംറതുൽ ഊലയിൽ എറിയുക. എന്നിട്ട് ജംറയുടെ വലതു ഭാഗത്തേക്ക് നീങ്ങി കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. പിന്നെ ജംറതുൽ വുസ്തയിൽ എറിഞ്ഞ് ജംറയുടെ ഇടതുഭാഗത്തേക്ക് നീങ്ങി കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. തുടർന്ന് ജംറതുൽ അഖബയിലും എറിയുക. അവിടെ പ്രാർത്ഥനയില്ല. കല്ലേറ് പിശാചിനെയല്ല; അല്ലാഹുവിന്റെ സ്മരണ നിലനിർത്തുവാനാണ്. മിനയിൽ നമസ്കാരം 4 റക്അത്തുള്ളവ 2 റക്അത്ത് മാത്രമാണ്....

## ത്വവാഫുൽ വദാഅ്

ഹജ്ജിലെ അവസാന കർമ്മമാണ് ത്വവാഫുൽ വദാഅ്, ഓരോരുത്തരും മടക്ക ദിവസമാണ് നിർവ്വഹിക്കേണ്ടത്. സ്ത്രീകൾ അശുദ്ധിയുള്ളവരായാൽ അവർക്ക് വേണ്ടതില്ല. പ്രായശ്ചിത്തവും ആവശ്യമില്ല.

തയ്യാറാക്കിയത് : അബ്ദുൽലത്തീഫ് സുല്ലമി, മാറഞ്ചേരി



IATA

islahi

HAJ & UMRAH SERVICE

Second Floor,CD Tower, Arayidathu Palam
Bypass Road, Calicut-673004
Tel:0091495 - 4024505,506,507,508.
Mob:97 474 555 00,98 474 55 500



# ഹാജിമാർ അറിഞ്ഞിരിക്കേണ്ട പ്രാർത്ഥനകൾ

### 1. വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ

بِسْمِ اللّٰهِ تَوَكَّلْتُ عَلَى اللّٰهِ وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللّٰهِ

അല്ലാഹുവിന്റെ നാമത്തിൽ, എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിച്ച് (പുറപ്പെടുന്നു)അല്ലാഹുവിനെക്കൊണ്ടല്ലാതെയാതൊരു കഴിവും ശക്തിയുമില്ല

### 2. വാഹനത്തിൽ പ്രവേശിക്കുമ്പോൾ

سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ
اللَّهُمَّ إِنِّي أَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى
اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ

(ഞങ്ങൾക്ക് ഇതിനെ കീഴ്പ്പെടുത്തിത്തന്ന (അല്ലാഹു) എത്ര പരിശുദ്ധൻ! ഞങ്ങളിതിനൊരിക്കലും കഴിവുള്ളവരായിരുന്നില്ല. ഞങ്ങളാകട്ടെ അവങ്കലേക്ക് മടങ്ങാനുള്ളവരുമാണ്. അല്ലാഹുവേ ഈ യാത്രയിൽ ഞാൻ നിന്നോട് തഖ്വയും, പുണ്യവും, നീ തൃപ്തിപ്പെടുന്ന കർമ്മങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സഹായവും ചോദിക്കുന്നു. അല്ലാഹുവേ ഈ യാത്ര ഞങ്ങൾക്ക് എളുപ്പമാക്കുകയും ഇതിന്റെ ദൂരം നീ ചുരുക്കുകയും ചെയ്തു തരേണമേ. അല്ലാഹുവേ നീയാണ് എന്റെ യാത്രയിലെ കൂട്ടുകാരൻ നീ തന്നെയാണ് എന്റെ കുടുംബത്തിൽ സംരക്ഷകനും. അല്ലാഹുവേ യാത്രയിലുണ്ടാകുന്ന ക്ലേശങ്ങളിൽ നിന്നും ദുഃഖകരമായ കാഴ്ചകളിൽനിന്നും, ധനത്തിലും കുടുംബത്തിലും സംഭവിച്ചേക്കാവുന്ന എല്ലാവിധ ചീത്തപര്യവസാനങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

### 3. ഉംറക്കുള്ള ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ

لَبَّيْكَ اللَّهُمَّ عُمْرَةً എന്നും ഹജ്ജിന്ന് لَبَّيْكَ اللَّهُمَّ حَجًّا എന്നും പറയുക

### 4. തൽബിയത്ത്

لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ
إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ

( ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബൈക്കലാ ശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക് ലാ ശരീക ലക്)

അല്ലാഹുവേ നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തു വന്നെത്തിയിരിക്കുന്നു. യാതൊരു പങ്കുകാരുമില്ലാത്ത നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹവും നിനക്കാണ് അധികാരവും നിനക്കു തന്നെ നിനക്കാരും പങ്കുകാരില്ല.

### 5. പള്ളിയിൽ പ്രവേശിക്കുമ്പോൾ

بِسْمِ اللهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللهِ
اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതരിൽ രക്ഷയും സമാധാനവുമുണ്ടാകട്ടെ, അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്കുവേണ്ടി നീ തുറക്കേണമേ.

### 6. ഹജറുൽ അസ്‌വദിനുടുത്ത് വെച്ച് ചുംബിക്കുക/ തൊട്ടുമുത്തുക/ആംഗ്യം കാണിക്കുക

അല്ലാഹു ഏറ്റവും വലിയവനാണ് اللهُ أَكْبَرُ

### 7. റുക്നുൽ യമാനിയുടേയും ഹജറുൽ അസ്‌വദിന്റേയും ഇടയിൽ പ്രാർത്ഥിക്കേണ്ടത്

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബ ന്നാർ

''ഞങ്ങളുടെ നാഥാ ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മപ്രധാനം ചെയ്യുകയും നരകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാക്കുകയും ചെയ്യേണമേ"

### 8. സ്വഫായിലേക്ക് ഇന്നസ്വഫാ വൽ മർവത്ത മിൻ ശആഇരില്ലാ

എന്നു പറഞ്ഞു കയറി സ്വഫയിലും മർവയിലും വെച്ച് കഅബയിലേക്ക് തിരിഞ്ഞ് കൈകളുയർത്തി പ്രാർത്ഥിക്കേണ്ടത്.

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ
لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ
لَا إِلَهَ إِلَّا اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ
عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ

'അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. സ്തുതിയും അധികാരവും അവനുതന്നെ. അവൻ എല്ലാറ്റിനും കഴിവുള്ളവൻ. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകൻ. അവൻ തന്റെ വാഗ്ദത്തം പൂർത്തീകരിച്ചു. തന്റെ ദാസനെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി'.

### 9. അറഫയിലെ പ്രാർത്ഥനകളിൽ താഴെ പറയുന്നത് കൂടുതലായി ഉൾപ്പെടുത്തുക.

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ
لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. എല്ലാ സ്തുതി കളും ആധിപത്യവും അവനുതന്നെ അവൻ എല്ലാറ്റിനും കഴിവുള്ളവനുമാണ്.

മറ്റു സമയങ്ങളിൽ അനുവദനീയമായ, ഇഹപരമായ ഏതു കാര്യങ്ങളും തനിക്കറിയാവുന്ന ഭാഷയിൽ പ്രാർത്ഥിക്കുക, നബിചര്യയുടെ പിൻബലമില്ലാത്ത ആരെങ്കിലും എഴുതിയുണ്ടാക്കിയവ മനപ്പാഠമാക്കിയും അല്ലാതെയും ചൊല്ലിതീർക്കാൻ പാടുപെടാതിരിക്കുക. ഖുർആൻ പരായണവും, ദിക്റുകളും തസ്ബീഹുകളും സ്വലാത്തും എല്ലാം ആകാവുന്നതാണ്. ദുൽ ഹജ്ജ് പത്തിന് എറിയുന്നത് വരെ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കുക, പിന്നീട് തക്ബീറുകൾ ചൊല്ലുക. എല്ലാ സമയവും താൻ ഒരു ഇബാദത്തിലാണ് എന്ന ബോധ്യത്തോടെ കഴിഞ്ഞുകൂടുക.സ്വീകാര്യവും പുണ്യകരവുമായ നിലയിൽ ഹജ്ജും ഉംറയും നിർവ്വഹിക്കാൻ അല്ലാഹു തൗഫീഖ് ചെയ്യട്ടെ (ആമീൻ)



## ഹജ്ജും ഉംറയും ഒറ്റ നോട്ടത്തിൽ

### ഉംറ കർമ്മം

ഇഹ്റാമിനായി കുളിച്ച് ശരീരത്തിൽ (പുരുഷന്മാർ മാത്രം) ഇഹ്റാമിന്റെ വസ്ത്രത്തിലാവാതെ സുഗന്ധം പൂശി, ഇഹ്റാമിന്റെ വസ്ത്രം ധരിച്ച് മീഖാത്തിൽ നിന്ന് ലബ്ബൈകല്ലാഹുമ്മ ഉംറതൻ എന്ന് പറഞ്ഞ് ഇഹ്റാമിൽ പ്രവേശിച്ച് തൽബിയത്ത് ചൊല്ലുക. ഹറമിൽ എത്തിയാൽ ഹജറുൽ അസ്‌വദ് ചുംബിച്ച്/ തൊട്ട് മുത്തി/ അതിന് നേരെ നിന്ന് അല്ലാഹു അക്ബർ എന്ന് പറഞ്ഞ് വലത് കൈകൊണ്ട് ആംഗ്യം കാണിച്ച് ഇഷ്ടമുള്ള പ്രാർത്ഥന ചൊല്ലി കൊണ്ട് ഏഴ് ത്വവാഫ് ചെയ്യുക. റുക്നുൽ യമാനി എന്ന മൂലയിൽ സാധ്യമായാൽ ഒന്ന് തൊടുക. അവിടം മുതൽ ഹജറുൽ അസ്‌വദ് വരെ റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ എന്ന പ്രാർത്ഥന ചൊല്ലുക. ഏഴ് ചുറ്റ് പൂർത്തിയായാൽ മഖാമ് ഇബ്റാഹീമിന്റെ പിന്നിൽ നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കുക. ശേഷം സ്വഫാ മർവക്കിടയിൽ ഏഴ് തവണ സഅ്യ് നടത്തുക പച്ച നിറം ഉള്ള ഭാഗത്ത് പുരുഷന്മാർ വേഗത്തിൽ നടക്കുക. സ്വഫായിലും മർവയിലും വെച്ച് കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. സഅ്യ് കഴിഞ്ഞാൽ മുടി കളയുക/ വെട്ടുക. ഇതോടെ ഉംറ പൂർത്തിയായി. ഉംറ ഏത് കാലത്തും നിർവ്വഹിക്കാം. ഒരു യാത്രയിൽ ഒന്നിൽ കൂടുതൽ ഉംറ പാടുള്ളതല്ല.

# ഹജ്ജിന്റെ കർമ്മങ്ങൾ

## ദുൽ ഹജ്ജ് 8 (യൗമുത്തർവിയ) മിനയിൽ രാപ്പാർക്കൽ

രാവിലെ കുളിച്ച് ഇഹ്റാമിന്റെ വസ്ത്രംധരിച്ച് ശരീരത്തിൽ (പുരുഷന്മാർ മാത്രം) സുഗന്ധം പൂശി, മക്കയിലെ താമസസ്ഥലത്ത് നിന്ന് ലബ്ബൈ കല്ലാഹുമ്മ ഹജ്ജൻ എന്ന് പറഞ്ഞ് ഇഹ്റാമിൽ പ്രവേശിച്ച് തൽബിയത്ത് ചൊല്ലി മിനയിലേക്ക് പോവുക. നമസ്കാരം അതാതിന്റെ സമയത്ത് നിർവ്വഹിക്കുക. നാല് റക്അത്തുള്ളവ രണ്ട് മാത്രം നമസ്ക്കരിക്കുക. സുന്നത്തുകൾ ഇല്ല. അന്ന് മിനയിൽ താമസിക്കുക. 9ന് സുബഹിയും മിനയിൽ വെച്ച് നമസ്കരിക്കുക.

## ദുൽ ഹജ്ജ് 9 (അറഫ ദിനം)

സൂര്യോദയത്തിന് ശേഷം തൽബിയത്ത് ചൊല്ലി അറഫയിലേക്ക് നീങ്ങുക. സാധ്യമായാൽ അറഫയിലെ പ്രസംഗം ശ്രദ്ധിക്കുക. ശേഷം ളുഹറും അസറും രണ്ട് റക്അത്ത് വീതം ഒരു ബാങ്ക് കൊടുത്ത് ഓരോന്നിനും ഇഖാമത്ത് കൊടുത്ത് നമസ്കരിക്കുക. പിന്നീട് അസ്തമിക്കുന്നത് വരെ അറഫയിൽ നിന്ന് കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. ലാഇലാഹ ഇല്ലല്ലാഹു വഹ്ദ ഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ എന്ന് കൂടുതൽ ഉൾപ്പെടുത്തുക. അസ്തമിച്ചാൽ മുസ്ദലിഫയിലേക്ക് നീങ്ങുക. മഗ്‌രിബ് അറഫയിൽ നമസ്കരിക്കേണ്ടതില്ല.

### മുസ്ദലിഫയിൽ രാപ്പാർക്കൽ

**ഒമ്പതിന് അസ്തമിച്ചാൽ തൽബിയത്ത് ചൊല്ലി മുസ്ദലിഫയിലേക്ക് നീങ്ങുക**

മുസ്ദലിഫയിൽ എത്തിയാൽ ബാങ്കും ഇഖാമത്തും കൊടുത്ത് മഗ്‌രിബ് നമസ്കരിക്കുക.ഉടനെ ഇഖാമത്ത് കൊടുത്ത് ഇശാഅ് രണ്ട് റക്അത്ത് നമസ്കരിക്കുക. പിന്നെ കിടന്ന് ഉറങ്ങുക. പ്രത്യേകം കർമ്മങ്ങളോ ദിക്റുകളോ തസ്ബീഹ്കളോ ഒന്നുമില്ല. സുബ്ഹി നമസ്കരിച്ച ശേഷം കുറച്ച് സമയം കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. സൂര്യോദയത്തിന് മുമ്പായി തൽബിയത്ത് ചൊല്ലി മിനയിലേക്ക് നീങ്ങുക.